## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5378 — 04.07.2013-ൽ മറുപടിയ്ക്ക്

### മരുന്നു വില പിടിച്ചു നിർത്തുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| എ) | സംസ്ഥാനത്ത് മരുന്നു വില പിടിച്ചു നിർത്തുന്നതിന് നടപടി സ്വീകരിക്കാമോ; | എ) & ബി) ഇന്ത്യലൊട്ടാകെ മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 1995 പ്രകാരം 76 മരുന്നുകൾക്കും അവയുടെ വിവിധ കോമ്പിനേഷനുകൾക്കും മാത്രമാണ് വില നിയന്ത്രണം ഉണ്ടായിരുന്നത്. എന്നാൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി 2012 നെ ആസ്പദമാക്കി 15/05/2013 ൽ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) നിലവിൽ വരുകയും National List of Essential Medicine (NLEM 2011)ന്റെ കീഴിലുള്ള 348 മരുന്നുകൾക്ക് വില നിശ്ചയിച്ചുറപ്പിക്കുകയും ആയതിന്റെ ആദ്യപടിയായി 14/06/2013-ൽ 151 മരുന്നുകൾക്കും 21/06/2013-ൽ 40 മരുന്നുകൾക്കും വില നിശ്ചയിച്ച എൻ.പി.പി.എ ഉത്തരവുകൾ പുറത്തിറങ്ങിയിട്ടു ണ്ട് |
| ബി) | വില നിയന്ത്രിക്കുന്ന തിനുള്ള അധികാരം ആർക്കാണ്; പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | |
| സി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും, നിരോധിച്ച മരുന്നുകൾ വിതരണം ചെയ്യുന്നത് തടയുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | സി) തീവ്രമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയതിനുശേഷം മാത്രമാണ് ഉൽപ്പാദകർ മരുന്നുകൾ വിപണയിലെത്തിക്കുന്നത് എന്നിരുന്നാലും കേരളത്തിൽ വിറ്റഴിക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി മരുന്നു വിതരണ സ്ഥാപനങ്ങൾ (ചില്ലറ/മൊത്ത വ്യാപാരികൾ) ആശുപത്രി (പ്രൈവറ്റ്/ഗവൺമെന്റ്) എന്നിവിടങ്ങളിൽ നിന്നും മരുന്നു സാമ്പിളുകൾ പരിശോധനയ്ക്കായി ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ അയയ്ക്കാറു ണ്ട് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്ന മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നു ണ്ട്. പോയ വർഷം ശരാശരി 4000-ഓളം മരുന്നു സാമ്പിളുകൾ പരിശോധന നടത്തി. ഇതിൽ 5% ൽ താഴെ മാത്രമേ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായി കാണപ്പെടു ന്നൊള്ളൂ. പുതിയതായി പ്രാവർത്തികമായിട്ടുള്ള XLN Software ലെ SMS സംവിധാനം വഴി, ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ പരിശോധന ഫലം പ്രഖ്യാപിച്ച ഉടനേയും |

| | | |
|---|---|---|
| | | /മരുന്നുകൾ നിരോധിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഉത്തരവ് ലഭ്യമായ ഉടനേയും പ്രസ്തുത മരുന്നുകളുടെ വിശദാംശങ്ങൾ വ്യാപാരികൾ, വിതരണക്കാർ, ആശുപത്രികൾ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നഴ്സുമാർ എന്നിവർക്കും ലഭ്യമാക്കുന്നു. കൂടാതെ വകുപ്പിന്റെ വെബ്സൈറ്റിലും ഇത്തരം മരുന്നുകളുടെ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഇതിനു പുറമെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിപണിയിൽ ഊർജ്ജിതമായി അന്വേഷണം നടത്തി ഇത്തരം മരുന്നുകളുടെ വിതരണവും വില്പനയും തടയുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ